# തിരക്കഥ

എം. എൻ. കാരശ്ശേരി



തിരക്കഥ

എം. എൻ. കാരശ്ശേരി
(മലയാളം: ലേഖനം)

© 2024, M. N. Karassery

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Hornblåserskan, a painting by Anders Zorn (1860–1920). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# തിരക്കഥ




വൈക്കം മുഹമ്മദ് ബഷീറിന്റെ അഞ്ച് രചനകൾ ഇതിനകം സിനിമയായിട്ടുണ്ട്—നീലവെളിച്ചം (ചെറുകഥ), ബാല്യകാലസഖി (നോവൽ), മുച്ചീട്ടുകളിക്കാരന്റെ മകൾ (നീണ്ടകഥ), മതിലുകൾ (നോവൽ), ശശിനാസ് (ചെറുകഥ).

'നീലവെളിച്ചം' എന്ന കഥയുടെ ചലച്ചിത്രരൂപത്തിന് മാത്രമേ പുതിയൊരു പേരുള്ളൂ—'ഭാർഗവീനിലയം'. ഇതിനു മാത്രമേ ബഷീർ തിരക്കഥ എഴുതിയിട്ടും ഉള്ളൂ. മറ്റാരുടെ കഥക്കും അദ്ദേഹം തിരക്കഥ എഴുതിയിട്ടില്ല. 'ബാല്യകാലസഖി'ക്ക് സ്വന്തം നിലയ്ക്ക് തിരക്കഥ എഴുതാനാരംഭിച്ചെങ്കിലും മുഴുവനാക്കിയില്ല. 'ഭാർഗവീനിലയം' അദ്ദേഹത്തിന്റെ ഒരേയൊരു തിരക്കഥയാണ്.




1967-ലാണ് ആ സിനിമ വന്നത്. 1985-ൽ മാത്രമേ തിരക്കഥയുടെ പുസ്തകരൂപം പുറപ്പെടുകയുണ്ടായുള്ളൂ. എ. വിൻസെന്റിന്റെ സംവിധാനം; യേശുദാസ്, കമുകറ പുരുഷോത്തമൻ, ജാനകി തുടങ്ങിയവരുടെ ഗാനാലാപനം; പി. ഭാസ്കരന്റെ ഗാനരചന; പ്രേംനസീർ, മധു, വിജയനിർമ്മല, പി. ജെ. ആന്റണി തുടങ്ങിയവരുടെ മികച്ച അഭിനയം എന്നിവകൊണ്ട് ശ്രദ്ധേയമായിത്തീർന്ന സിനിമയാണത്. കലാമൂല്യവും ജനപ്രീതിയും ഒന്നിച്ചുനേടിയ മലയാളത്തിലെ അപൂർവം ചിത്രങ്ങളിൽ ഒന്ന്. ആൾപാർപ്പില്ലാത്തത്, ഏറെ പഴക്കം ചെന്നത്, പേടിപ്പെടുത്തുന്നത് എന്നെല്ലാമുള്ള അർത്ഥത്തിൽ ഉപയോഗിക്കുന്ന ഒരു ശൈലിയായി 'ഭാർഗവീനിലയം' എന്ന വാക്ക് ഇപ്പോൾ മാറിയിട്ടുണ്ട്.



അടൂർ ഗോപാലകൃഷ്ണൻ

ബഷീറിന്റെ ഇതിവൃത്തത്തെ ആസ്പദമാക്കി സിനിമയെടുത്തവരിൽ ഏറ്റവും പ്രഗത്ഭൻ അടൂർ ഗോപാലകൃഷ്ണനാണ്: മതിലുകൾ (1989).

'ഭാർഗ്ഗവീനിലയ'ത്തിന്റെ അടിസ്ഥാനം നീലവെളിച്ചം എന്ന ചെറുകഥ (പാവപ്പെട്ടവരുടെ വേശ്യ 1952) യാണ്. അതിന് തിരക്കഥാരൂപം കൊടുത്ത് വികസിപ്പിച്ചപ്പോൾ നിലാവ് കാണുമ്പോൾ (വിഡ്ഢികളുടെ സ്വർഗ്ഗം 1948), ഹുന്ത്രാപ്പി ബുസ്സാട്ടോ ('പാവപ്പെട്ടവരുടെ വേശ്യ' 1952), എന്നീ ചെറുകഥകളും അനർഘനിമിഷ (1946) ത്തിലെ അനർഘനിമിഷം, ഏകാന്തതയുടെ മഹാതീരം, അജ്ഞാതഭാവിയിലേക്ക് എന്നീ രചനകളിലെ വാക്യങ്ങളും ഉപയോഗപ്പെടുത്തിയിട്ടുണ്ട്; കൂട്ടത്തിൽ 'മതിലുകൾ' (1965) എന്ന നോവലിലെ ചില പ്രണയരംഗങ്ങളും.




മലയാളസിനിമ അന്ന് റിയലിസത്തിന്റെ പൂർണമായ പിടിയിലായിരുന്നു. ആ അന്തരീക്ഷത്തിലേക്കാണ് അക്കാലത്ത് മേൽക്കൈ നേടിയിരുന്ന യുക്തിബോധം, ശാസ്ത്രബോധം, 'പുരോഗമനചിന്ത' മുതലായവ കൊണ്ട് വിശദീകരിക്കാനാവാത്ത പ്രേതയാഥാർത്ഥ്യത്തിന്റെ കഥയുമായി 'ഭാർഗ്ഗവീനിലയം' വരുന്നത്.

നൂറ്റിഒന്ന് സീനുകളുള്ള സാമാന്യം ദീർഘമായ തിരക്കഥ പ്രണയരംഗങ്ങളും നർമവും വില്ലന്റെ കുടിലതകളും കൊണ്ട് നാനാരസപ്രധാനമാണ്. ബഷീർ സാഹിത്യത്തിൽ ഈ തിരക്കഥ വെട്ടിത്തിരിഞ്ഞു നില്ക്കുന്നത് വില്ലന്റെ സാന്നിധ്യം കൊണ്ടാണ്. ബഷീറിന്റെ ലോകത്ത് ആകപ്പാടെ ഒരു വില്ലനേയുള്ളൂ—'ഭാർഗ്ഗവീനിലയ'ത്തിലെ നാരായണൻ നായർ മാത്രം.

നിരത്തുവക്കത്തുള്ള ആൾപ്പാർപ്പില്ലാത്ത 'ഭാർഗ്ഗവീനിലയം' എന്ന മാളിക വീട്ടിൽ സാഹിത്യകാരൻ വാടകക്കാരനായി എത്തുന്നതോടെയാണ് കഥ ആരംഭിക്കുന്നത്. പ്രേതബാധയുള്ള ആ വീടിനെ നാട്ടുകാർക്കൊക്കെ പേടിയാണ്. അയാളുടെ സുഹൃത്തുക്കളും അയൽക്കാരുമൊക്കെ ഭീതിയോടെയാണ് ആ കെട്ടിടത്തിലേക്ക് നോക്കുന്നതുപോലും. എല്ലാവരും അയാളെ പിന്തിരിപ്പിക്കാൻ നോക്കുന്നുണ്ട്. ഒരു പെണ്ണിന്റെ പ്രേതമാണ് അവിടെ ആവസിക്കുന്നത് എന്നറിഞ്ഞതോടെ സാഹിത്യകാരന് കൗതുകമായി. അവൾ കിണറ്റിൽ ചാടി മരിച്ചുവെന്നും അതിനു കാരണം കാമുകൻ വേറെ കല്യാണം കഴിച്ചതാണ് എന്നും അവളെ കല്യാണം കഴിക്കാൻ ആഗ്രഹിച്ചിരുന്ന മുറച്ചെറുക്കൻ ആ പരിസരത്തെവിടെയോ ഉണ്ട് എന്നും അറിഞ്ഞതോടെ അയാളിലെ കഥാകൃത്ത് ഉണർന്നു. അവളുടെ കഥ എഴുതുവാനുള്ള അന്വേഷണവും നിരീക്ഷണവും ആലോചനയുമായി പിന്നെ. വൈകാതെ കഥ എഴുതിത്തുടങ്ങുകയും ചെയ്തു. എഴുതിയ ഭാഗങ്ങൾ അപ്പപ്പോൾ പ്രേതത്തെ വായിച്ചു കേൾപ്പിക്കുന്നുണ്ട്. ആ കഥ ചുരുൾ നിവർന്നാണ് സിനിമക്കുള്ളിലെ ഉൾക്കഥ രൂപം കൊള്ളുന്നത്:

ഭാർഗ്ഗവി കോളേജുകുമാരിയാണ്. സുന്ദരി, ബി. എ.ക്കു പഠിക്കുന്നു. പാട്ടിലും ഡാൻസിലും പ്രസംഗത്തിലും കമ്പമുണ്ട്. നാണുക്കുട്ടൻ എന്ന് വീട്ടുകാർ വിളിക്കുന്ന നാരായണൻ നായർ അവളുടെ മുറച്ചെറുക്കനാണ്. അവളെ കല്യാണം കഴിക്കാൻ ബഹുകമ്പവും. പക്ഷേ, അവൾക്ക് അയാളുടെ രൂപവും ഭാവവും പെരുമാറ്റവും ഒന്നും ഇഷ്ടമല്ല.

ആയിടെയാണ് അവളുടെ അയൽപക്കത്ത് ശശികുമാർ എന്നു പേരായി ഒരു ചെറുപ്പക്കാരൻ വാടകക്ക് താമസിക്കാനെത്തുന്നത്. സുന്ദരൻ. സഹൃദയൻ. നന്നായി സിത്താർ വായിക്കും. പാടും, പാട്ടെഴുതും. ഡാൻസ് കമ്പോസു ചെയ്യും.

അവർ തമ്മിൽ പരിചയമായി. എളുപ്പത്തിൽ ആ അടുപ്പം മൂത്ത് പ്രണയമായി. നാരായണൻ നായരിലെ വില്ലൻ ഉണർന്നു. അയാൾ കല്യാണം വേഗം നടത്താൻ തിടുക്കം കൂട്ടി. ഭാർഗവി തന്റെ അനിഷ്ടം തുറന്നുപറഞ്ഞു. ശശികുമാർ ഉടനെയൊന്നും സ്ഥലം വിടാനിടയില്ലെന്നു മനസ്സിലാക്കിയ നാരായണൻ നായർ അയാളെ വെടിവെച്ചു കൊല്ലാൻ ശ്രമിച്ചു.

അന്തരീക്ഷത്തിൽ മരണം മണത്ത ഭാർഗ്ഗവി 'നമുക്ക് വല്ലേടത്തും പോയി ജീവിക്കാം' എന്ന് കാമുകനോട് പറയുന്നുണ്ട്. അയാൾ ഒറ്റക്ക് പോവാൻ തയ്യാറായി. വണ്ടിയിൽ വെച്ച് ഭാർഗ്ഗവി തന്നയച്ചതാണെന്ന വ്യാജേന വിഷം ചേർത്ത ഏത്തപ്പഴം കൊടുത്ത് നാരായണൻ നായർ അയാളെ കൊല്ലാൻ ശ്രമിച്ചു. മരണം വൈകുന്നത് കണ്ട് ശ്വാസംമുട്ടിച്ച് കൊന്നു. കാമുകനെ കൊന്ന വിവരം അയാൾ തന്നെയാണ് ഭാർഗവിയോട് പറയുന്നത്. എന്നിട്ടും അവൾ കല്യാണത്തിനു വഴങ്ങുന്നില്ലെന്നു കണ്ടപ്പോൾ അവളെ കിണറ്റിൽ തള്ളിയിട്ട് കൊന്നു. അവളുടേത് ആത്മഹത്യയാണെന്ന് വരുത്തിക്കൂട്ടുന്നതിൽ അയാൾ വിജയിച്ചു.

ഒരു കുറ്റാന്വേഷകന്റെ സാമർത്ഥ്യത്തോടെ ഇതെല്ലാം കണ്ടെത്തിയ സാഹിത്യകാരനെ കൊല്ലേണ്ടത് നാരായണൻ നായരുടെ ആവശ്യമായിത്തീർന്നു. അവർ തമ്മിൽ മല്പിടുത്തം നടന്നു. അബദ്ധത്തിൽ ആ വില്ലൻ കിണറ്റിൽ വീണു മരിച്ചു.

ഭ്രമാത്മകതയും കുറ്റാന്വേഷണവും പ്രണയവും നർമവും നിറഞ്ഞ കഥ ഉദ്വേഗം നിലനിർത്തിക്കൊണ്ട് രസകരമായി പറഞ്ഞു ഫലിപ്പിക്കുന്നതിൽ തിരക്കഥ വിജയിച്ചിട്ടുണ്ട്. പ്രേതസാന്നിധ്യം യാഥാർത്ഥ്യം എന്ന നിലയിൽ പുലരുന്ന ഒരു മായികലോകമാണ്, സിനിമയുടെ ദൃശ്യസാധ്യതകളും സംഗീതത്തിന്റെ സഹകരണവും ഉൾച്ചേർത്തുകൊണ്ട് ബഷീർ സൃഷ്ടിച്ചിരിക്കുന്നത്. എണ്ണതീർന്ന് കരിന്തിരി കത്തിയ വിളക്കിൽനിന്ന് നീലവെളിച്ചം പുറപ്പെടുവിച്ചത് ഭാർഗ്ഗവിയാണ്! അബദ്ധത്തിൽ കിണറ്റിൽ വീണുപോയ സാഹിത്യകാരനെ അത്ഭുതകരമായി മുകളിൽ എത്തിച്ചതും അവൾ തന്നെ. മല്പിടുത്തത്തിനിടയിൽ നാരായണൻ നായരെ കിണറ്റിലേക്ക് ഉന്തിത്തള്ളിയിട്ട് കൊന്നതും അവളാകാം!

ജീവിതത്തിനും മരണത്തിനുമിടക്കുള്ള അതിരുകൾ മായ്ച്ചുകളയുകയും സങ്കല്പങ്ങളുടെയും സ്വപ്നങ്ങളുടെയും ഒരു മായികലോകം സൃഷ്ടിക്കുകയും ചെയ്യുന്ന ഈ തിരക്കഥ, മനുഷ്യവംശത്തിന് സ്വാർത്ഥതയും ക്രൂരതയും എത്ര വലിയ ബാധ്യതകളാണെന്നും സ്നേഹവും കലാരൂപങ്ങളും എത്ര വലിയ സാധ്യതകളാണെന്നും മനോഹരമായി ചിത്രീകരിച്ചിട്ടുണ്ട്.

□

## എം. എൻ. കാരശ്ശേരി



മുഴുവൻ പേര്: മുഹ്യുദ്ദീൻ നടുക്കണ്ടിയിൽ. കോഴിക്കോട് ജില്ലയിലെ കാരശ്ശേരി എന്ന ഗ്രാമത്തിൽ 1951 ജൂലായ് 2-ന് ജനിച്ചു. പിതാവ്: പരേതനായ എൻ. സി. മുഹമ്മദ് ഹാജി. മാതാവ്: കെ. സി. ആയിശക്കുട്ടി. കാരശ്ശേരി ഹിദായത്തുസ്സിബിയാൻ മദ്രസ്സ, ഐ. ഐ. എ. യു. പി. സ്കൂൾ, ചേന്ദമംഗല്ലൂർ ഹൈസ്കൂൾ, കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജ്, കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗം എന്നിവിടങ്ങളിൽ പഠിച്ചു. സോഷ്യോളജി-മലയാളം ബി. എ., മലയാളം എം. എ., മലയാളം എം. ഫിൽ. പരീക്ഷകൾ പാസ്സായി. 1993-ൽ കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ്. 1976–78 കാലത്ത് കോഴിക്കോട്ട് മാതൃഭൂമിയിൽ സഹപത്രാധിപരായിരുന്നു. പിന്നെ അധ്യാപകനായി. കോഴിക്കോട് ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്, കോടഞ്ചേരി ഗവ. കോളേജ്, കോഴിക്കോട് ഗവ: ഈവനിങ്ങ് കോളേജ് എന്നിവിടങ്ങളിൽ ജോലി നോക്കി. 1986-മുതൽ കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗത്തിൽ.

പുസ്തകങ്ങൾ: പുലിക്കോട്ടിൽകൃതികൾ (1979), വിശകലനം (1981), തിരുമൊഴികൾ (1981), മുല്ലാനാസറുദ്ദീന്റെ പൊടിക്കൈകൾ (1982), മക്കയിലേക്കുള്ള പാത (1983), ഹുസ്നുൽ ജമാൽ (1987), കുറിമാനം (1987), തിരുവരുൾ (1988), നവതാളം (1991), ആലോചന (1995), ഒന്നിന്റെ ദർശനം (1996), കാഴ്ചവട്ടം (1997) തുടങ്ങി എൺപതിലേറെ കൃതികൾ.

ഭാര്യ: വി. പി. ഖദീജ, മക്കൾ: നിശ, ആഷ്‌ലി, മുഹമ്മദ് ഹാരിസ്.

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണു് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളതു്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണു് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണു്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണു് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണു്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണു്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണു്. അവ സായാഹ്നപ്രവർത്തകർക്കു് കൂടുതൽ ഉത്തേജനം നൽകുന്നതാണു്.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014